**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.** 1365 **01.07.2015-ൽ മറുപടിക്ക്**

## മിഷൻ 676-സ്പീഡ് കേരള പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. കെ. മുരളീധരൻ | ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി |
| (എ) സ്പീഡ് കേരള പദ്ധതിയുടെ ഉദ്ദേശ്യ-ലക്ഷ്യങ്ങൾ വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഗതാഗത കുരുക്ക് പരിഹരിക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ഫ്ളൈ ഓവറുകൾ, പാലങ്ങൾ, റിംഗ് റോഡുകൾ മുതലായവ നിർമ്മിക്കുക, ഗുണനിലവാരമുള്ള റോഡുകൾ വികസിപ്പിക്കുക എന്നതാണ് സ്പീഡ് കേരള പരിപാടിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ |
| (ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി മിഷൻ 676ൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) സ്പീഡ് കേരള പരിപാടിയിലെ തെരഞ്ഞെടുക്കപ്പെട്ട പദ്ധതികൾ നടപ്പിലാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള വിവിധ ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവയുടെ നിർമ്മാണത്തിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് കേരള റോഡ് ഫണ്ട് ബോർഡിന് നിർദ്ദേശവും നൽകിയിട്ടുണ്ട്. |
| (സി) ഏതെല്ലാം തരം നിർമ്മാണ പ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യവികസനവും നടത്താനാണ് പ്രസ്തുത പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) ഫ്ളൈ ഓവറുകൾ, പാലങ്ങൾ, റിംഗ് റോഡുകൾ മുതലായവ നിർമ്മിക്കുകയാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നത്. വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) തെരഞ്ഞെടുക്കപ്പെട്ട പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൻ കീഴിലുള്ള വിവിധ ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അവയിൽ നിർമ്മാണം ആരംഭിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. കോഴിക്കോട് എൻ.എച്ച് ബൈപ്പാസ്,<br>2. പാലാരിവട്ടം ഫ്ളൈ ഓവർ<br>3. രാമപുരം- നാലമ്പലം ദർശനം റോഡ്,<br>4. കഞ്ഞിക്കുഴി - വെട്ടത്തുകവല – കറുകച്ചാൽ - മല്ലപ്പള്ളി റോഡ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## സ്പീഡ് കേരളാ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ

1. എറണാകുളത്ത് ഇടപ്പള്ളി അരൂർ ദേശീയപാത ബൈപ്പാസിൽ പാലാരിവട്ടം, വൈറ്റില, കുണ്ടന്നൂർ എന്നീ ജംഗ്ഷനുകളിലും കളമശ്ശേരി അപ്പോളോ ജംഗ്ഷനിലും കൂടി മേൽപ്പാലം നിർമ്മിക്കുക.
2. കഴക്കൂട്ടം മുതൽ കേശവദാസപുരം വരെയുള്ള റോഡ് 4 വരിയായി വികസിപ്പിക്കുക.
3. കൊല്ലം ബൈപ്പാസ്
4. ആലപ്പുഴ ബൈപ്പാസ്
5. കഴിഞ്ഞിക്കുഴി - വെട്ടത്തുകവല - കറുകച്ചാൽ റോഡ് പുനരുദ്ധാരണം.
6. ചോഴിയക്കാട് പരുത്തുംപാറ - എഫ്.സി.ഐ. - പാക്കിൽ - മുളക്കുഴ - ഗ്രാമൺചിറ - തിരുവാതുക്കൽ - ഇല്ലിക്കൽ ജംഗ്ഷൻ റോഡ്.
7. പത്തനംതിട്ട നഗരത്തിലെ ഔട്ടർ റിംഗ് റോഡ്.
8. തൃപ്പൂണ്ണിത്തുറ ബൈപ്പാസ്.
9. എൻ.എച്ച് 47-നുമായി ബന്ധിപ്പിക്കുന്ന മണ്ണുത്തി - അമല നഗർ ബൈപ്പാസ് റോഡിന്റെയും തൃശ്ശൂർ - കുറ്റിപ്പുറം റോഡിന്റെയും പുനരുദ്ധാരണം.
10. ഇടുക്കിയിൽ നിന്നും തൊടുപുഴയിലേക്കുള്ള തൊടുപുഴ - കാളിയാർ വണ്ണപ്പുറം - ചേലച്ചുവട് - ഇടുക്കി സമാന്തര പാത.
11. സുൽത്താൻപേട്ട ജംഗ്ഷൻ - പാലക്കാട് നഗരം.
12. മഞ്ചേരി റിംഗ് റോഡ്.
13. കോഴിക്കോട് ബൈപ്പാസ്.
14. മാനാഞ്ചിറ - വെള്ളിമാടുകുന്ന് റോഡ് 4 വരിയായി വികസിപ്പിക്കുക.
15. തലശ്ശേരി - മാഹി - വളപട്ടണം ബൈപ്പാസ്.
16. താമരശ്ശേരി ചുരം ബദൽ റോഡ് (ചിപ്പിലത്തോട് - മരുതിലാവ് - താളിപ്പുഴ റോഡ്).
17. ചൗക്കി - ഉയാത്തടുക്ക - വിദ്യാനഗർ ബൈപ്പാസ് റോഡ്.
18. ദേശീയപാത 212 - ബത്തേരി - മൈസൂർ എലിവേറ്റഡ് ഹൈവേ (വനഭൂമി) സാദ്ധ്യതാ പഠനം.
19. എടപ്പാൾ ഫ്ളൈ ഓവർ.
20. പാലാ റിവർവ്യൂ റോഡ് കളരിയാമ്മക്കൽ മുതൽ സാന്തോം കോംപ്ലക്സ് വരെ അഭിവൃദ്ധിപ്പെടുത്തൽ.
21. രാമപുരം നാലമ്പലം ദർശനം റോഡുകൾ ബി.എം. & ബി.സി.
22. കാസറഗോഡ് നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം കടുക്കറ വരെയുള്ള ഹിൽ ഹൈവേയുടെ പൂർത്തീകരണം.
23. പുല്ലേപ്പടി തമ്മനം രണ്ടാം റീച്ച് ചക്കരപ്പറമ്പ് മുതൽ സീപോർട്ട് എയർപോർട്ട് റോഡ് വരെ.

S.O